പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4454

04.02.2014-ൽ
മറുപടിയ്ക്ക്

## റവന്യൂ വകുപ്പ് നടപ്പാക്കുന്ന വിവിധ സാമൂഹ്യ സാമ്പത്തിക സഹായ പദ്ധതികൾ

ചോദ്യം
ശ്രീ.കെ.ദാസൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

എ) റവന്യൂ വകുപ്പിലൂടെ നടപ്പിലാക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ വിവിധ സാമൂഹ്യ-സാമ്പത്തിക സഹായ പദ്ധതികൾ ഏതെല്ലാം ; ഇത് ഓരോന്നിനും അപേക്ഷിയ്ക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡം/നിബന്ധന എന്തെല്ലാം; വ്യക്തമാക്കുമോ;

ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും നിഷ്കർഷിക്കുന്ന വരുമാന പരിധി എത്രയെന്ന് വിശദമാക്കുമോ;

എ) & ബി) സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിലുള്ളതും റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതുമായ പെൻഷൻ സഹായ പദ്ധതികളാണ് വികലാംഗ പെൻഷൻ, പാവപ്പെട്ടവരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ. ടി പെൻഷൻ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ ചേർക്കുന്നു:-

**1) വികലാംഗ പെൻഷൻ :-**

06.09.1982-ലെ ജി.ഒ.(പി) 154/82 എൽ.എ ആന്റ് എസ് ഡബ്ല്യൂ ഡി നമ്പർ ഉത്തരവിൻ പ്രകാരം നിലവിൽ വന്ന ഈ പദ്ധതിയിൽ മിനിമം 40% അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമാണ് പെൻഷൻ ലഭിക്കുന്നത്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്.

**2) പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം:-**

ടി പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിന് അപേക്ഷകയായ വിധവയുടെയും കുടുംബത്തിന്റെയും എല്ലാ ഇനത്തിലുള്ള കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം. കുടുംബവീതമോ മാതാവിന്റെയോ പിതാവിന്റെയോ ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിൽ ഉള്ളത് വസ്തു, ആഭരണം, ധനം ഉൾപ്പെടെ 50000/- രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് സഹായം നൽകാവുന്നതാണ്. ഈ നിബന്ധനകൾ അനുസരിച്ചുള്ള സഹായധനം ഒരിക്കൽ ലഭിച്ചു കഴിഞ്ഞതിനുശേഷം ഏതെങ്കിലും കാരണവശാൽ

രണ്ടാമതൊരു വിവാഹം അതേ പെൺകുട്ടിക്ക് കഴിക്കേണ്ടി വരുകയാണെങ്കിൽ അത്തരത്തിലുള്ള രണ്ടാം വിവാഹത്തിന് സഹായം നൽകുന്നതല്ല. അപേക്ഷകയായ വിധവ പെൺമക്കളുടെ വിവാഹത്തിനു മുൻപേ മരിച്ചുപോവുകയാണെങ്കിൽ ആ കുടുംബത്തിലെ മൂത്ത അംഗത്തിനോ വിവാഹം നടത്തിക്കേണ്ട ചുമതലയുള്ള കുടുംബത്തിലെ മററ് ഏതെങ്കിലും അംഗത്തിനോ പ്രസ്തുത ധനസഹായം തക്കതായ ഈടിന്മേൽ നൽകാവുന്നതാണ്. കുടുംബത്തിൽ മറ്റംഗങ്ങൾ ആരും തന്നെ ഇല്ലാത്ത പക്ഷം വിവാഹം നടത്തിക്കൊടുക്കുന്നതിന് മുമ്പോട്ട് വരുന്നവർക്ക് തക്കതായ ഈടിന്മേൽ സഹായധനം നൽകാവുന്നതാണ്.

**3) അഗതി ( വിധവ) പെൻഷൻ:-**

വിവാഹബന്ധം വേർപ്പെടുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർവിവാഹം ചെയ്തിട്ടില്ലാത്തവർക്കും ഈ പെൻഷന് അർഹതയുണ്ട്. ടി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി 3 ലക്ഷം വരെയാണ്.

**4) ദേശീയ വാർദ്ധക്യകാല പെൻഷൻ:-**

60 വയസ്സിനു മുകളിൽ പ്രായമുള്ളവരും എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ പരമാവധി 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള അർഹതയുള്ള എല്ലാ പേർക്കും ഈ പെൻഷന് അർഹതയുണ്ട്.

**5) 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ:-**

50 വയസ്സിനു മുകളിൽ പ്രായമുള്ളവരും അവിവാഹിതരായ സ്ത്രീകൾക്കുമാണ് ഈ പെൻഷൻ ആനുകൂല്യത്തിന് അർഹത. പെൻഷൻ ലഭിക്കുന്നതിനുള്ള ഉയർന്ന വരുമാന പരിധി ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്.

സി) വളരെ താഴ്ന്ന വരുമാനമാണ് നിലവിൽ വരുമാന പരിധിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പദ്ധതികളുടെ പരിരക്ഷ ഭൂരിഭാഗം സാധാരണ ജനങ്ങൾക്കും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയയിൽപ്പെട്ടിട്ടുണ്ടോ; ഇത് കാലോചിതമായി പരിഷ്കരിച്ച് വരുമാന പരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ